പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.338 | 04.06.2018 ൽ മറുപടിക്ക്

## കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ടി. ബി. ആശുപത്രി

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പശ്ചിമ കൊച്ചിയിലെ കരുവേലിപ്പടിയിൽ പ്രവർത്തിക്കുന്ന ടി. ബി. ആശുപത്രിയും പരിസരവും കാട്ടുപിടിച്ച് ജീർണ്ണാവസ്ഥയിലായതും പാമ്പുശല്യം മൂലം പൊതുജനങ്ങളുടെ ജീവന് ഭീഷണി നേരിടുന്നതും കണക്കിലെടുത്ത് ഇതിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ജില്ലാ ടി.ബി.സെന്ററിന്റെ പരിസരം വൃത്തിയാക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ജീവിത ശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞ് പരിസരം വൃത്തിയാക്കി ജനങ്ങളുടെ ആരോഗ്യസുരക്ഷക്കായി എൻ സി ഡി പാർക്ക് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | എറണാകുളം ജില്ലാ ടി.ബി.സെന്ററിലെ ഐ.പി.വിഭാഗം, അടുക്കള എന്നിവ പ്രവർത്തിക്കുന്ന കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇവിടെ എൻ.സി.ഡി.പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ സാധ്യത പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ